**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഡി. രാമനാഥന്റെ ഭാര്യയ്ക്ക് കാസറഗോഡ് സച്ചിദാനന്ദ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 280/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 01.02.2017

---

പരാമർശം : 1) 11/07/12 ലെ 26423/G2/2012/H&FWD നമ്പർ സർക്കുലർ.

2) ശ്രീ.ഡി.രാമനാഥന്റെ 25.09.2008 ലെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 25.01.2011,17.08.2011,18.03.2016 എന്നീ തീയതികളിലെ എഫ്2-38490/08 നമ്പർ കത്തുകൾ.

4) കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.08.2008 ലെ 180/08 നമ്പർ തീരുമാനം.

5) ജില്ലാ മെഡിക്കൽ ഓഫീസറുടെ 08.01.2016 ലെ L.Dis.B3-17206/15 നം. കത്ത്.

## <u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഡി. രാമനാഥന്റെ ഭാര്യയ്ക്ക് കാസറഗോഡ് സച്ചിദാനന്ദ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം 5 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 6835/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 5468/- രൂപ (അയ്യായിരത്തി നാനൂറ്റി അറുപത്തിയെട്ട് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 4 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി കാസറഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഡി. രാമനാഥന്റെ ഭാര്യയ്ക്ക് കാസറഗോഡ് സച്ചിദാനന്ദ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 6835/-രൂപയുടെ 80% ആയ 5468/- രൂപ (അയ്യായിരത്തി നാനൂറ്റി അറുപത്തിയെട്ട് രൂപാ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീ. ഡി. രാമനാഥൻ, സീനിയർ ക്ലാർക്ക്, കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (21.02.2013 ലെ യു.ഒ.നം. 49649/G2/11/H&FWD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (No.10011/RA3/13/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ